## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3153 — 14/03/2018-ൽ മറുപടിക്ക്

### ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനായുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) & (ബി) | ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.16/2016 ലെ 23-05-2016 ലെ ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശുപാർശ ചെയ്യണമെന്ന് ബഹു. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും, കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങളും പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുൻസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, |
| (ബി) | ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് ശാസ്ത്രീയപഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കുറ്റിപ്പുറം പഞ്ചായത്തുകളുടേയും കൽപ്പാത്തി വില്ലേജിലേയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേക്ക് നേരിട്ട് വിടുന്നത് തടയണ മെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുവാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുകയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗര സഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ, ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗതീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| (സി) | ഭാരതപ്പുഴ സംരക്ഷണത്തിനായി നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദീകരി ക്കാമോ? | (സി) | ഭാരതപ്പുഴ ഉൾപ്പെടെയുള്ള ജലസ്രോത സ്സുകൾ മലിനപ്പെടുന്നത് തടയുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>ജല നിയമ പ്രകാരം ജല സ്രോതസ്സുകളി ലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. ജല (മലിനീകര ണവും നിയന്ത്രണവും) നിയമം, 1974 - ന്റെ പരിധിയിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽ നിന്നു മുള്ള പാഴ്ജലം വേണ്ട വിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥ കൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല നിയമപ്രകാരം നൽകുന്ന അനു മതിയിൽ നിഷ്കർഷിച്ച് വരുന്നു. ഈ സ്ഥാപ നങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്നും ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്യും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**